**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1161** **11.06.2019-ൽ മറുപടിയ്ക്ക്**

# മലപ്പുറം നഗരത്തിലെ സിറ്റി റോഡ്സ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.ഉബൈദുള്ള** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) | മലപ്പുറം നഗരത്തിലെ ഗതാഗത സംവിധാനങ്ങൾ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി മുൻ സർക്കാർ ആവിഷ്കരിച്ച സിറ്റി റോഡ്സ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (സി.ആർ.ഐ.പി.) ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നതിന്റെ വിശദാംശം നൽകുമോ; | (എ) & (ബി) | കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ നഗര പാത വികസന പദ്ധതിയുടെ ഭാഗമായി മലപ്പുറം നഗരത്തിലെ റോഡ് സൗകര്യങ്ങൾ പരിഷ്കരിക്കുന്നതിന് വേണ്ടി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി വിൽബർ സ്മിത്ത് അസോസിയേറ്റ്സിനെയാണ് നിയമിച്ചിട്ടുള്ളത്. അവർ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി മുൻ സർക്കാരിന് സമർപ്പിച്ചിരുന്നു. തീരുമാനമെടുത്തിട്ടില്ല. |
| (ബി) | ബാംഗ്ലൂർ ആസ്ഥാനമായ വിൽബർ സ്മിത്ത് കമ്പനി ലിമിറ്റഡ് ഇതുസംബന്ധിച്ച സാധ്യതാപഠനം പൂർത്തീകരിച്ചിട്ടുണ്ടോയെന്നും റിപ്പോർട്ട് വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | | |
| (സി) | മലപ്പുറത്തെ നഗരഗതാഗത സംവിധാനം ആധുനികവൽക്കരിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ? | (സി) | 1) കോട്ടപ്പടി വലിയങ്ങാടി ബൈപ്പാസ് സ്ഥലം ഏറ്റെടുത്ത് 4 line Traffic ആക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.<br>2) മുണ്ടുപറമ്പ് - കുട്ടിലങ്ങാടി ബൈപ്പാസ് സെക്കന്റ് റീച്ച് CRF ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>DFIP പദ്ധതി -നാട്ടുകാണി - പരപ്പനങ്ങാടിയിൽ ഉൾപ്പെടുത്തി മുണ്ടുപറമ്പ് ഫസ്റ്റ് റീച്ച്, മലപ്പുറം പരപ്പനങ്ങാടി റോഡ് എന്നിവ വീതി കൂട്ടി നവീകരിക്കുന്നു. |

സെക്ഷൻ ഓഫീസർ